# മൂപ്പന്മാർക്കും
# ഉത്തരവാദിത്തപ്പെട്ടവർക്കുമുള്ള
# അന്തർദേശീയ പരിശീലനം

നവംബർ 2025

**പൊതുവിഷയം:**

**മത്തായി 5 മുതൽ 7 വരെയുള്ള അധ്യായങ്ങളുടെ നിർണയാക വശങ്ങൾ**

ദൂത് നാല്

## കരുണയുള്ളവർ അനുഗൃഹീതർ,
## അവരോട് കരുണ കാണിക്കുകയും അവർകരുണ പ്രാപിക്കുകയും ചെയ്യും

RM *Hymns*: ML302

തിരുവെഴുത്ത് വായന: മത്താ. 5:7; റോമ. 9:15, 16; എഫെ. 2:4; യാക്കോ. 2:13; എബ്രാ. 4:16

| | |
|---|---|
| മത്താ. 5:7 | കരുണയുള്ളവർ അനുഗൃഹീതർ, അവരോടു കരുണയുണ്ടാകും. |
| റോമ. 9:15 | എന്തെന്നാൽ മോശെയോട് അവൻ പറയുന്നു, "എനിക്ക് കരുണ തോന്നുന്നവനോട് എനിക്ക് കരുണ തോന്നും, എനിക്ക് മനസ്സലിവ് തോന്നുന്നവനോട് എനിക്ക് മനസ്സലിവ് തോന്നും." |
| റോമ. 9:16 | അതുകൊണ്ട് ഇച്ഛിക്കുന്നവനാലുമല്ല, ഓടുന്നവനാലുമല്ല, കരുണ കാണിക്കുന്ന ദൈവത്താലത്രേ. |
| എഫെ. 2:4 | എന്നാൽ കരുണാസമ്പന്നനായ ദൈവം, നമ്മെ സ്നേഹിച്ച തന്റെ മഹാസ്നേഹം നിമിത്തം, |
| യാക്കോ. 2:13 | എന്തെന്നാൽ കരുണ കാണിച്ചിട്ടില്ലാത്തവനു ന്യായവിധി കരുണ കൂടാതെയാകുന്നു; കരുണ ന്യായവിധിയുടെ മേൽ ജയോത്സവം നടത്തുന്നു. |
| എബ്രാ. 4:16 | അതുകൊണ്ട് കരുണ ലഭിക്കുവാനും തക്കസമയത്തേക്കുള്ള സഹായത്തിനായി കൃപ കണ്ടെത്തുവാനും നമുക്ക് ധൈര്യത്തോടെ കൃപയുടെ സിംഹാസനത്തിലേക്കു മുമ്പോട്ടുവരാം. |

**I. "എനിക്ക് കരുണ തോന്നുന്നവനോട് എനിക്ക് കരുണ തോന്നും...അതുകൊണ്ട് ഇച്ഛിക്കുന്നവനാലുമല്ല, ഓടുന്നവനാലുമല്ല, കരുണ കാണിക്കുന്ന ദൈവത്താലത്രേ"—റോമ. 9:15-16:**

A. ദൈവത്തിന്റെ സദ്ഗുണങ്ങളിൽ ഏറ്റവും കൂടുതൽ ദൂരമെത്തുന്നത് കരുണയാണ്, അത് അവന്റെ കൃപയെയും സ്നേഹത്തെയുംകാൾകൂടുതൽ ദൂരം പോകുന്നു—മത്താ. 9:13:

| | |
|---|---|
| മത്താ. 9:13 | എന്നാൽ "ഞാൻ യാഗമല്ല, കരുണയത്രേ ആഗ്രഹിക്കുന്നു", എന്നത് എന്താകുന്നു എന്നു പോയി പഠിക്കുവിൻ, എന്തെന്നാൽ ഞാൻ നീതിമാന്മാരെയല്ല, പാപികളെ അത്രേ വിളിക്കുവാൻ വന്നത്. |

1. നമ്മുടെ സ്വാഭാവിക അവസ്ഥ അനുസരിച്ച്, നാം ദൈവത്തിൽനിന്നും വളരെ അകലെയായിരുന്നു, അവന്റെ കൃപയ്ക്ക് പൂർണ്ണമായും

അയോഗ്യരായിരുന്നു; അവന്റെ കരുണ സ്വീകരിക്കുവാൻ മാത്രമേ നാം യോഗ്യരായിരുന്നുള്ളൂ—എഫെ. 2:4.

| | |
|---|---|
| എഫെ. 2:4 | എന്നാൽ കരുണാസമ്പന്നനായ ദൈവം, നമ്മെ സ്നേഹിച്ച തന്റെ മഹാസ്നേഹം നിമിത്തം, |

2. നമ്മുടെ അനുസരണക്കേട് ദൈവത്തിന്റെ കരുണയ്ക്ക് ഒരു അവസരം നൽകുകയും, ദൈവത്തിന്റെ കരുണ നമ്മെ രക്ഷയിലേക്ക് കൊണ്ടുവരുകയും ചെയ്യുന്നു—റോമ. 11:32.

| | |
|---|---|
| റോമ. 11:32 | ദൈവം എല്ലാവരോടും കരുണ കാണിക്കേണ്ടതിന് എല്ലാവരെയും അനുസരണക്കേടിൽ അടച്ചു വച്ചിരിക്കുന്നു. |

B. ഇച്ഛിക്കുന്നവൻ താൻ കരസ്ഥമാക്കുവാൻ ഇച്ഛിക്കുന്നത് നേടുമെന്നും ഓടുന്നവൻ താൻ എന്തിനായി ഓടുന്നുവോ അത് നേടുമെന്നുമാണ് നമ്മുടെ ധാരണ—9:16:

| | |
|---|---|
| റോമ. 9:16 | അതുകൊണ്ട് ഇച്ഛിക്കുന്നവനാലുമല്ല, ഓടുന്നവനാലുമല്ല, കരുണ കാണിക്കുന്ന ദൈവത്താലത്രേ. |

1. അങ്ങനെയായിരുന്നെങ്കിൽ, ദൈവത്തിന്റെ തിരഞ്ഞെടുപ്പ് നമ്മുടെ പരിശ്രമത്തിനും അധ്വാനത്തിനും അനുസരിച്ചായിരിക്കുമായിരുന്നു.
2. നേരെമറിച്ച്, ദൈവത്തിന്റെ തിരഞ്ഞെടുപ്പ് കരുണ കാണിക്കുന്ന ദൈവത്തിൽനിന്നുള്ളതാണ്; നമുക്ക് ഇച്ഛിക്കുകയോ ഓടുകയോ ചെയ്യേണ്ട ആവശ്യമില്ല, കാരണം ദൈവത്തിന് നമ്മോട് കരുണയുണ്ട്.
3. നമുക്ക് ദൈവത്തിന്റെ കരുണ അറിയാമെങ്കിൽ, നമ്മുടെ പരിശ്രമത്തിൽ നാം ആശ്രയിക്കുകയോ നമ്മുടെ പരാജയങ്ങളിൽ നാം നിരാശരാകുകയോ ചെയ്യുകയില്ല; നമ്മുടെ അരിഷ്ടാവസ്ഥയെച്ചൊല്ലിയുള്ള പ്രത്യാശ ദൈവത്തിന്റെ കരുണയിലാണ്—എഫെ. 2:4.

| | |
|---|---|
| എഫെ. 2:4 | എന്നാൽ കരുണാസമ്പന്നനായ ദൈവം, നമ്മെ സ്നേഹിച്ച തന്റെ മഹാസ്നേഹം നിമിത്തം, |

C. ദൈവത്തിന്റെ പുതിയനിയമ വ്യവസ്ഥയിൽ നാം അവനെ സേവിക്കുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ, അത് പൂർണ്ണമായും ദൈവത്തിന്റെ സർവാധികാരപരമായ കരുണയുടെ കാര്യമാണെന്ന് നാം അറിയേണ്ടതുണ്ട്—റോമ. 9:15-16; എബ്രാ. 4:16:

| | |
|---|---|
| റോമ. 9:15 | എന്തെന്നാൽ മോശെയോട് അവൻ പറയുന്നു, "എനിക്ക് കരുണ തോന്നുന്നവനോട് എനിക്ക് കരുണ തോന്നും, എനിക്ക് മനസ്സലിവ് തോന്നുന്നവനോട് എനിക്ക് മനസ്സലിവ് തോന്നും." |
| റോമ. 9:16 | അതുകൊണ്ട് ഇച്ഛിക്കുന്നവനാലുമല്ല, ഓടുന്നവനാലുമല്ല, കരുണ കാണിക്കുന്ന ദൈവത്താലത്രേ. |
| എബ്രാ. 4:16 | അതുകൊണ്ട് കരുണ ലഭിക്കുവാനും തക്കസമയത്തേക്കുള്ള സഹായത്തിനായി കൃപ കണ്ടെത്തുവാനും നമുക്ക് ധൈര്യത്തോടെ കൃപയുടെ സിംഹാസനത്തിലേക്കു മുമ്പോട്ടുവരാം. |

1. ദൈവത്തിന്റെ സർവാധികാരത്തെ നാം അറിയുന്നെങ്കിൽ, അവന്റെ കരുണയ്ക്കായി നാം അവന് നന്ദി പറയും:
   a. സർവാധികാരപരമായ കരുണ എന്ന പ്രയോഗം അർഥമാക്കുന്നത് ദൈവത്തിന്റെ കരുണ തികച്ചും ദൈവത്തിന്റെ സർവാധികാരത്തിന്റെ കാര്യമാകുന്നു എന്നാണ്.
   b. കരുണാപാത്രമായിരിക്കുന്നത് നമ്മുടെ തിരഞ്ഞെടുപ്പിന്റെ ഫലമല്ല; അത് ദൈവത്തിന്റെ സർവാധികാരത്തിൽനിന്ന് ഉത്ഭവിക്കുന്നു—റോമ. 9:18, 23.

      റോമ. 9:18 അതുകൊണ്ട് അവൻ ഇച്ഛിക്കുന്നവനോട് അവന് കരുണ തോന്നുന്നു, അവൻ ഇച്ഛിക്കുന്നവനെ കഠിനപ്പെടുത്തുന്നു.

      റോമ. 9:23 തേജസ്സിനായി മുന്നൊരുക്കിയ, കരുണാപാത്രങ്ങളുടെമേൽ തന്റെ തേജസ്സിന്റെ ധനം അറിയിക്കേണ്ടതിന്,

   c. ദൈവത്തിന്റെ കരുണ അവന്റെ സർവാധികാരത്തിലാണ്; നമ്മോടുള്ള ദൈവത്തിന്റെ കരുണയെ വിശദീകരിക്കുന്നതിന് നമുക്ക് പറയുവാൻ കഴിയുന്ന ഒരേയൊരു കാര്യം അവന്റെ സർവാധികാരത്തിൽ അവൻ നമ്മോട് കരുണയുള്ളവനായിരിക്കുവാൻ തിരഞ്ഞെടുത്തു എന്നാണ്—വാ. 15-16, 23.

      റോമ. 9:15 എന്തെന്നാൽ മോശെയോട് അവൻ പറയുന്നു, "എനിക്ക് കരുണ തോന്നുന്നവനോട് എനിക്ക് കരുണ തോന്നും, എനിക്ക് മനസ്സലിവ് തോന്നുന്നവനോട് എനിക്ക് മനസ്സലിവ് തോന്നും."

      റോമ. 9:16 അതുകൊണ്ട് ഇച്ഛിക്കുന്നവനാലുമല്ല, ഓടുന്നവനാലുമല്ല, കരുണ കാണിക്കുന്ന ദൈവത്താലത്രേ.

      റോമ. 9:23 തേജസ്സിനായി മുന്നൊരുക്കിയ, കരുണാപാത്രങ്ങളുടെമേൽ തന്റെ തേജസ്സിന്റെ ധനം അറിയിക്കേണ്ടതിന്,

2. ദൈവത്തിന്റെ സർവാധികാരപരമായ കരുണയിൽ, നമ്മുടെ ഹൃദയങ്ങൾ അവങ്കലേക്ക് ചായുന്നു; നമ്മോടുള്ള അവന്റെ കരുണ നിമിത്തം, നാം അവനെ ദിനംപ്രതി അന്വേഷിക്കുന്നു—യിരെ. 29:13; ആവ. 4:29; യെശ. 55:6.

   യിരെ. 29:13 നിങ്ങൾ എന്നെ അന്വേഷിക്കും; പൂർണ്ണഹൃദയത്തോടെ അന്വേഷിക്കുമ്പോൾ നിങ്ങൾ എന്നെ കണ്ടെത്തും.

   ആവ. 4:29 എങ്കിലും അവിടെവെച്ചു നിന്റെ ദൈവമായ യഹോവയെ നീ തിരകയും പൂർണ്ണഹൃദയത്തോടും പൂർണ്ണമനസ്സോടുംകൂടെ അന്വേഷിക്കയും ചെയ്താൽ അവനെ കണ്ടെത്തും.

   യെശ. 55:6 യഹോവയെ കണ്ടെത്താകുന്ന സമയത്തു അവനെ അന്വേഷിപ്പിൻ; അവൻ അടുത്തിരിക്കുമ്പോൾ അവനെ

വിളിച്ചപേക്ഷിപ്പിൻ.

3. നമ്മോട് ബന്ധപ്പെട്ട സകലവും ദൈവത്തിന്റെ കരുണയുടെ കാര്യമാണെന്ന് നാം എത്രത്തോളം കാണുന്നുവോ അത്രത്തോളം നാം കർത്താവിന്റെ മുമ്പാകെ നമ്മുടെ ഉത്തരവാദിത്വം വഹിക്കും; എങ്കിലും, ഉത്തരവാദിത്വം വഹിക്കാനുള്ള നമ്മുടെ സന്നദ്ധത പോലും ദൈവത്തിന്റെ കരുണ നിമിത്തമാണ്.
4. ദൈവത്തിന്റെ കരുണ നിമിത്തം, മറ്റുള്ളവർ അവന്റെ സുവിശേഷത്തോട് പ്രതികരിക്കാതിരുന്നപ്പോൾ നാം പ്രതികരിക്കുകയും, മറ്റുള്ളവർ ജീവനായ ക്രിസ്തുവിനെക്കുറിച്ചുള്ള ഒരു വാക്ക് സ്വീകരിക്കുവാൻ വിസമ്മതിച്ചപ്പോൾ നാം സ്വികരിക്കുകയും, മറ്റുള്ളവർ കർത്താവിന്റെ പ്രത്യുദ്ധാരത്തിന്റെ വഴി എടുക്കാതിരുന്നപ്പോൾ നാം എടുക്കുകയും ചെയ്തു.
5. അവന്റെ പ്രത്യുദ്ധാരത്തെ സംബന്ധിച്ച്, ദൈവത്തിന് കരുണ തോന്നണമെന്നുള്ളവനോട് അവന് കരുണ തോന്നുന്നു.

D. സകലവും ദൈവത്തിന്റെ കരുണയെ ആശ്രയിച്ചിരിക്കുന്നു എന്ന തത്ത്വം റോമർ 9 വെളിപ്പെടുത്തുന്നു—വാ. 15-16:

Rom 9 be omitted.

റോമ. 9:15 എന്തെന്നാൽ മോശെയോട് അവൻ പറയുന്നു, "എനിക്ക് കരുണ തോന്നുന്നവനോട് എനിക്ക് കരുണ തോന്നും, എനിക്ക് മനസ്സലിവ് തോന്നുന്നവനോട് എനിക്ക് മനസ്സലിവ് തോന്നും."

റോമ. 9:16 അതുകൊണ്ട് ഇച്ഛിക്കുന്നവനാലുമല്ല, ഓടുന്നവനാലുമല്ല, കരുണ കാണിക്കുന്ന ദൈവത്താലത്രേ.

1. അവർക്ക് സംഭവിച്ചതെല്ലാം ദൈവത്തിന്റെ കരുണയാലാണെന്ന് നമുക്ക് കാണിച്ചുതന്നുകൊണ്ട് അപ്പൊസ്തലനായ പൗലൊസ് ഈ തത്ത്വം യിസ്രായേല്യർക്ക് ബാധകമാക്കുന്നു—വാ. 16, 23.

   റോമ. 9:16 അതുകൊണ്ട് ഇച്ഛിക്കുന്നവനാലുമല്ല, ഓടുന്നവനാലുമല്ല, കരുണ കാണിക്കുന്ന ദൈവത്താലത്രേ.

   റോമ. 9:23 തേജസ്സിനായി മുന്നൊരുക്കിയ, കരുണാപാത്രങ്ങളുടെമേൽ തന്റെ തേജസ്സിന്റെ ധനം അറിയിക്കേണ്ടതിന്,

2. ദൈവത്തിന്റെ കരുണ കാണുകയും നിശ്ചയമായും അവന്റെ കരുണയെ സ്പർശിക്കുകയും ചെയ്യുന്ന ഒരു സമയമെങ്കിലും നമുക്കുണ്ടായിരിക്കണം—എഫെ. 2:4; മത്താ. 9:13:

   എഫെ. 2:4 എന്നാൽ കരുണാസമ്പന്നനായ ദൈവം, നമ്മെ സ്നേഹിച്ച തന്റെ മഹാസ്നേഹം നിമിത്തം,

   മത്താ. 9:13 എന്നാൽ "ഞാൻ യാഗമല്ല, കരുണയത്രേ ആഗ്രഹിക്കുന്നു", എന്നത് എന്താകുന്നു എന്നു പോയി പഠിക്കുവിൻ, എന്തെന്നാൽ ഞാൻ നീതിമാന്മാരെയല്ല, പാപികളെ അത്രേ വിളിക്കുവാൻ വന്നത്.

a. സകലവും ദൈവത്തിന്റെ കരുണയെ ആശ്രയിച്ചിരിക്കുന്നുവെന്ന ഈ കാര്യത്തെ സംബന്ധിച്ച് കാണുവാൻ നമ്മുടെ കണ്ണുകൾ തുറക്കപ്പെടേണ്ടതാവശ്യമാണ്.

b. ഇതെല്ലാം നാം ഒറ്റയടിക്ക് കാണുകയോ ഒരു പ്രക്രിയയിലൂടെ നാം അത് മനസ്സിലാക്കുകയോ ചെയ്താലും, ഈ കാര്യത്തെ സ്പർശിക്കുന്ന ആ നിമിഷം നാം സ്പർശിക്കുന്നത് ഒരു അനുഭൂതിയെയല്ല, മറിച്ച് ഒരു വസ്തുതയെയാണ്; സകലവും ദൈവത്തിന്റെ കരുണയെ ആശ്രയിച്ചിരിക്കുന്നു എന്നതാണ് ഈ വസ്തുത.

E. “അതുകൊണ്ട് കരുണ ലഭിക്കുവാനും തക്കസമയത്തേക്കുള്ള സഹായത്തിനായി കൃപ കണ്ടെത്തുവാനും നമുക്ക് ധൈര്യത്തോടെ കൃപയുടെ സിംഹാസനത്തിലേക്ക് മുമ്പോട്ടുവരാം”—എബ്രായർ 4:16:

1. ദൈവത്തിന്റെ കരുണയും അവന്റെ കൃപയും അവന്റെ സ്നേഹത്തിന്റെ ആവിഷ്കാരമാണ്.
2. നാം ദയനീയമായ ഒരു അവസ്ഥയിലായിരിക്കുമ്പോൾ, ആദ്യം അവന്റെ കരുണ നമ്മിൽ എത്തിച്ചേരുകയും ദൈവം തന്റെ കൃപയാൽ നമ്മെ അനുഗ്രഹിക്കുവാൻ കഴിയുന്ന ഒരു സ്ഥിതിയിലേക്ക് നമ്മെ കൊണ്ടുവരുകയും ചെയ്യുന്നു.
3. ദൈവത്തിന്റെ കരുണയും കൃപയും നമുക്ക് എപ്പോഴും ലഭ്യമാണ്; എങ്കിലും, കൃപയുടെ സിംഹാസനത്തിലേക്ക് മുമ്പോട്ടുവരാൻ നമ്മുടെ ആത്മാവിനെ വ്യായാമം ചെയ്തുകൊണ്ട് നാം അവയെ സ്വീകരിക്കുകയും കണ്ടെത്തുകയും വേണം—വാ. 16.

എബ്രാ. 4:16 അതുകൊണ്ട് കരുണ ലഭിക്കുവാനും തക്കസമയത്തേക്കുള്ള സഹായത്തിനായി കൃപ കണ്ടെത്തുവാനും നമുക്ക് ധൈര്യത്തോടെ കൃപയുടെ സിംഹാസനത്തിലേക്കു മുമ്പോട്ടുവരാം.

F. അവന്റെ സർവാധികാരത്തിൽ പിതാവായ ദൈവം നമ്മോട് കരുണ കാണിച്ചിരിക്കുന്നു; അതുകൊണ്ട്, അവന്റെ സർവാധികാരപരമായ കരുണയ്ക്കായി നാം അവനെ സ്തുതിക്കുകയും ആരാധിക്കുകയും വേണം:

1. “പിതാവേ ആസ്വദിക്കുന്നു നിൻ പുതിയ കരുണ/ഓരോ ഉഷസ്സിലും നൽകും /മഞ്ഞുപോൽ പുതുക്കീടും /രുചിപ്പൂ നാം! രുചിപ്പൂ നാം!/ സ്തുതികൾ നൽകീടുന്നു”—ഗീതം, #26, ചരണം 5.
2. “പിതാ, നിൻ അൻപ്, കൃപ, കരുണലഭിച്ചോർ നാം / നിൻ കരുണയിൽ, മുഖാമുഖമായ് എന്നും തങ്ങും / നിൻ കരുണയാൽ സ്തുതിപ്പൂ നിന്നെ / ഇന്നും നിത്യതയോളവും ഞങ്ങൾ”—ഗീതം, #25, ചരണം 3.

## II. “കരുണയുള്ളവർ അനുഗൃഹീതർ, അവരോട് കരുണയുണ്ടാകും”—മത്താ. 5:7:

A. നീതിമാനായിരിക്കുകയെന്നാൽ ഒരുവൻ അർഹിക്കുന്നത് അവന് നൽകുക എന്നാണ്, അതേസമയം

കരുണയുള്ളവനായിരിക്കുകയെന്നാൽ ഒരുവൻ അർഹിക്കുന്നതിനേക്കാൾ മികച്ചത് അവന് നൽകുക എന്നാണ്.

B. സ്വർഗരാജ്യത്തിനുവേണ്ടി, നാം നീതിമാന്മാർ മാത്രമല്ല, കരുണയുള്ളവരും ആയിരിക്കണം.

C. കരുണ സ്വീകരിക്കുന്നത് നാം അർഹിക്കാത്തത് സ്വീകരിക്കുന്നതാണ്.

D. നാം മറ്റുള്ളവരോട് കരുണയുള്ളവരാണെങ്കിൽ, പ്രത്യേകിച്ച് അവന്റെ ന്യായാസനത്തിൽവച്ച് കർത്താവ് നമ്മോട് കരുണ കാണിക്കും—2 തിമൊ. 1:16, 18, യാക്കോ. 2:12-13.

| | |
|---|---|
| 2 തിമൊ. 1:16 | ഒനേസിഫൊരൊസിന്റെ ഭവനത്തോട് കർത്താവ് കരുണ കാണിക്കട്ടെ, അവൻ എന്നെ പലപ്പോഴും ഉന്മേഷവാനാക്കിയിരുന്നു, എന്റെ ചങ്ങലയെക്കുറിച്ച് ലജ്ജിച്ചതുമില്ല; |
| 2 തിമൊ. 1:18 | ആ നാളിൽ കർത്താവിൽ നിന്നു കരുണ കണ്ടെത്തുവാൻ കർത്താവ് അവനെ ഇടയാക്കട്ടെ. എഫെസൊസിലും എത്രമാത്രം കാര്യങ്ങളിൽ അവൻ എന്നെ സേവിച്ചു എന്ന് നീ നന്നായി അറിയുന്നുവല്ലോ. |
| യാക്കോ. 2:12 | അങ്ങനെ സ്വാതന്ത്ര്യത്തിന്റെ ന്യായപ്രമാണത്താൽ വിധിക്കപ്പെടുവാനുള്ളവരെപ്പോലെ സംസാരിക്കുകയും പ്രവർത്തിക്കുകയും ചെയ്യുവിൻ. |
| യാക്കോ. 2:13 | എന്തെന്നാൽ കരുണ കാണിച്ചിട്ടില്ലാത്തവനു ന്യായവിധി കരുണ കൂടാതെയാകുന്നു; കരുണ ന്യായവിധിയുടെ മേൽ ജയോത്സവം നടത്തുന്നു. |

E. നമ്മോടുതന്നെ നീതിയുള്ളവരായിരിക്കുവാനും മറ്റുള്ളവരോട് കരുണയുള്ളവരായിരിക്കുവാനും നാം പഠിക്കണം.

## III. “പിതാവായ ദൈവത്തിൽനിന്നും നമ്മുടെ കർത്താവായ ക്രിസ്തുയേശുവിൽനിന്നും കൃപയും കരുണയും സമാധാനവും ഉണ്ടായിരിക്കട്ടെ”—2 തിമൊ. 1:2:

A. തന്റെ എല്ലാ ലേഖനങ്ങളിലുംവച്ച് 1-ഉം 2-ഉം തിമൊഥെയൊസിൽ മാത്രമാണ് അപ്പൊസ്തലൻ തന്റെ പ്രാരംഭ ആശംസയിൽ ദൈവത്തിന്റെ കരുണയെ ഉൾപ്പെടുത്തിയത്.

B. ദൈവത്തിന്റെ കരുണ അവന്റെ കൃപയെക്കാൾ കൂടുതൽ ദൂരമെത്തുന്നു.

C. സഭകളുടെ അധഃപതനത്തിന്റെ സാഹചര്യത്തിൽ, ദൈവത്തിന്റെ കരുണ ആവശ്യമാണ്.

D. ഈ കരുണ ദൈവത്തിന്റെ സമ്പന്നമായ കൃപയെ കൊണ്ടുവരുന്നു, അത് ഏത് അധഃപതനത്തോടും ഇടപെടുവാൻ മതിയായതാണ്.

## IV. “കരുണ കാണിച്ചിട്ടില്ലാത്തവന് ന്യായവിധി കരുണ കൂടാതെയാകുന്നു; കരുണ ന്യായവിധിയുടെമേൽ ജയോത്സവം നടത്തുന്നു”—യാക്കോ. 2:13:

A. ദരിദ്രനായ ഒരു സഹോദരനെ നിന്ദിക്കുന്നത് കരുണ ഇല്ലാതിരിക്കുന്നതാണ്.

B. ഈ വിധത്തിൽ ദരിദ്രനായ ഒരു സഹോദരനെ നിന്ദിക്കുന്ന ആർക്കും ക്രിസ്തുവിന്റെ ന്യായാസനത്തിനു മുമ്പാകെ വരുമ്പോൾ കരുണ ലഭിക്കുകയില്ല—റോമ. 14:10; 2 കൊരി. 5:10:

റോമ. 14:10 എന്നാൽ നിന്റെ സഹോദരനെ നീ ന്യായം വിധിക്കുന്നത് എന്ത്? അല്ലെങ്കിൽ നിന്റെ സഹോദരനെ നീ നിന്ദിക്കുന്നത് എന്ത്? നാം എല്ലാവരും ദൈവത്തിന്റെ ന്യായാസനത്തിന് മുമ്പാകെ നിൽക്കുമല്ലോ,

2 കൊരി. 5:10 എന്തെന്നാൽ ഓരോരുത്തനും ശരീരത്തിലൂടെ ചെയ്ത കാര്യങ്ങൾ, നന്മയായാലും തിന്മയായാലും, താൻ പ്രവർത്തിച്ചതിനൊത്തവണ്ണം പ്രാപിക്കേണ്ടതിന്, നാം എല്ലാവരും ക്രിസ്തുവിന്റെ ന്യായാസനത്തിന് മുമ്പാകെ വെളിവാകേണ്ടതാകുന്നു.

1. ന്യായംവിധിക്കപ്പെടുവാൻ നാം കർത്താവിന്റെ മുമ്പാകെ വരുമ്പോൾ, നാം നമ്മുടെ സഹോദരനോട് കരുണ കാണിച്ചിട്ടില്ലാത്തതുകൊണ്ട് അവൻ നമ്മോട് കരുണ കാണിക്കുകയില്ല.
2. നാം കരുണ കാണിക്കേണ്ടതാവശ്യമാണ്, കാരണം കരുണ ന്യായവിധിയുടെമേൽ ജയോത്സവം നടത്തുന്നു.
3. ഇന്ന് നമ്മുടെ സഹോദരനോട് നമുക്ക് കരുണയുണ്ടെങ്കിൽ, കർത്താവിന്റെ ന്യായാസനത്തിങ്കൽവച്ച് നമുക്ക് അവനിനിന്നും കരുണ ലഭിക്കും.

**V. നാം കർത്താവിന്റെ കരുണയ്ക്കായി അവന്റെ മുമ്പാകെ കുമ്പിടുകയും അവനെ ആരാധിക്കുകയും വേണം—സങ്കീ. 145; യെശ. 63:9; യോഹ. 10:10; റോമ. 3:24; 11:32; 2 കൊരി. 4:1; എഫെ. 2:4-5:**

സങ്കീ. 145:1 ദാവീദിന്റെ ഒരു സങ്കീർത്തനം. എന്റെ ദൈവമായ രാജാവേ, ഞാൻ നിന്നെ പുകഴ്ത്തും; ഞാൻ നിന്റെ നാമത്തെ എന്നെന്നേക്കും വാഴ്ത്തും.

സങ്കീ. 145:2 നാൾതോറും ഞാൻ നിന്നെ വാഴ്ത്തും; ഞാൻ നിന്റെ നാമത്തെ എന്നെന്നേക്കും സ്തുതിക്കും.

സങ്കീ. 145:3 യഹോവ വലിയവനും അത്യന്തം സ്തുത്യനും ആകുന്നു; അവന്റെ മഹിമ അഗോചരമത്രേ.

സങ്കീ. 145:4 തലമുറതലമുറയോടു നിന്റെ ക്രിയകളെ പുകഴ്ത്തി നിന്റെ വീര്യപ്രവൃത്തികളെ പ്രസ്താവിക്കും.

സങ്കീ. 145:5 നിന്റെ പ്രതാപത്തിന്റെ തേജസ്സുള്ള മഹത്വത്തെയും നിന്റെ അത്ഭുതകാര്യങ്ങളെയും ഞാൻ ധ്യാനിക്കും.

സങ്കീ. 145:6 മനുഷ്യർ നിന്റെ ഭയങ്കരപ്രവൃത്തികളുടെ ബലം പ്രസ്താവിക്കും; ഞാൻ നിന്റെ മഹിമയെ വർണ്ണിക്കും.

സങ്കീ. 145:7 അവർ നിന്റെ വലിയ നന്മയുടെ ഓർമ്മയെ പ്രസിദ്ധമാക്കും; നിന്റെ നീതിയെക്കുറിച്ചു ഘോഷിച്ചുല്ലസിക്കും.

സങ്കീ. 145:8 യഹോവ കൃപയും കരുണയും ദീർഘക്ഷമയും മഹാദയയും ഉള്ളവൻ.

സങ്കീ. 145:9 യഹോവ എല്ലാവർക്കും നല്ലവൻ; തന്റെ സകലപ്രവൃത്തികളോടും

അവന്നു കരുണ തോന്നുന്നു.

| | |
|---|---|
| സങ്കീ. 145:10 | യഹോവേ, നിന്റെ സകലപ്രവൃത്തികളും നിനക്കു സ്തോത്രം ചെയ്യും; നിന്റെ ഭക്തന്മാർ നിന്നെ വാഴ്ത്തും. |
| സങ്കീ. 145:11 | മനുഷ്യപുത്രന്മാരോടു അവന്റെ വീര്യപ്രവൃത്തികളും അവന്റെ രാജത്വത്തിൻ തേജസ്സുള്ള മഹത്വവും പ്രസ്താവിക്കേണ്ടതിന്നു |
| സങ്കീ. 145:12 | അവർ നിന്റെ രാജത്വത്തിന്റെ മഹത്വം പ്രസിദ്ധമാക്കി നിന്റെ ശക്തിയെക്കുറിച്ചു സംസാരിക്കും. |
| സങ്കീ. 145:13 | നിന്റെ രാജത്വം നിത്യരാജത്വം ആകുന്നു; നിന്റെ ആധിപത്യം തലമുറതലമുറയായി ഇരിക്കുന്നു. |
| സങ്കീ. 145:14 | വീഴുന്നവരെ ഒക്കെയും യഹോവ താങ്ങുന്നു; കുനിഞ്ഞിരിക്കുന്നവരെ ഒക്കെയും അവൻ നിവിർത്തുന്നു. |
| സങ്കീ. 145:15 | എല്ലാവരുടെയും കണ്ണു നിന്നെ നോക്കി കാത്തിരിക്കുന്നു; നീ തത്സമയത്തു അവർക്കു ഭക്ഷണം കൊടുക്കുന്നു. |
| സങ്കീ. 145:16 | നീ തൃക്കൈ തുറന്നു ജീവനുള്ളതിന്നൊക്കെയും പ്രസാദംകൊണ്ടു തൃപ്തിവരുത്തുന്നു. |
| സങ്കീ. 145:17 | യഹോവ തന്റെ സകലവഴികളിലും നീതിമാനും തന്റെ സകലപ്രവൃത്തികളിലും ദയാലുവും ആകുന്നു. |
| സങ്കീ. 145:18 | യഹോവ, തന്നെ വിളിച്ചപേക്ഷിക്കുന്ന ഏവർക്കും, സത്യമായി തന്നെ വിളിച്ചപേക്ഷിക്കുന്ന ഏവർക്കും സമീപസ്ഥനാകുന്നു. |
| സങ്കീ. 145:19 | തന്റെ ഭക്തന്മാരുടെ ആഗ്രഹം അവൻ സാധിപ്പിക്കും; അവരുടെ നിലവിളി കേട്ടു അവരെ രക്ഷിക്കും. |
| സങ്കീ. 145:20 | യഹോവ തന്നെ സ്നേഹിക്കുന്ന ഏവരേയും പരിപാലിക്കുന്നു; എന്നാൽ സകലദുഷ്ടന്മാരെയും അവൻ നശിപ്പിക്കും; |
| സങ്കീ. 145:21 | എന്റെ വായ് യഹോവയുടെ സ്തുതിയെ പ്രസ്താവിക്കും; സകലജഡവും അവന്റെ വിശുദ്ധനാമത്തെ എന്നെന്നേക്കും വാഴ്ത്തട്ടെ. |
| യെശ. 63:9 | അവരുടെ കഷ്ടതയിൽ ഒക്കെയും അവൻ കഷ്ടപ്പെട്ടു; അവന്റെ സമ്മുഖദൂതൻ അവരെ രക്ഷിച്ചു; തന്റെ സ്നേഹത്തിലും കനിവിലും അവൻ അവരെ വീണ്ടെടുത്തു; പുരാതനകാലത്തൊക്കെയും അവൻ അവരെ ചുമന്നുകൊണ്ടു നടന്നു. |
| യോഹ. 10:10 | മോഷ്ടിക്കുവാനും കൊല്ലുവാനും നശിപ്പിക്കുവാനും അല്ലാതെ കള്ളൻ വരുന്നില്ല; അവർക്ക് ജീവൻ ഉണ്ടാകുവാനും സമൃദ്ധമായി ഉണ്ടാകുവാനും ഞാൻ വന്നിരിക്കുന്നു. |
| റോമ. 3:24 | ക്രിസ്തു യേശുവിലുള്ള വീണ്ടെടുപ്പ് മുഖാന്തരം അവന്റെ കൃപയാൽ സൗജന്യമായി നീതീകരിക്കപ്പെടുന്നു; |
| റോമ. 11:32 | ദൈവം എല്ലാവരോടും കരുണ കാണിക്കേണ്ടതിന് എല്ലാവരെയും അനുസരണക്കേടിൽ അടച്ചു വച്ചിരിക്കുന്നു. |
| 2 കൊരി. 4:1 | അതുകൊണ്ട് ഞങ്ങളോട് കരുണ കാണിച്ചതുപോലെ ഈ ശുശ്രൂഷ |

ഉള്ളതുകൊണ്ട്, ഞങ്ങൾ അധൈര്യപ്പെടുന്നില്ല;

എഫെ. 2:4 എന്നാൽ കരുണാസമ്പന്നനായ ദൈവം, നമ്മെ സ്നേഹിച്ച തന്റെ മഹാസ്നേഹം നിമിത്തം,

എഫെ. 2:5 നാം അതിക്രമങ്ങളിൽ മരിച്ചവരായിരുന്നപ്പോൾത്തന്നെ, നമ്മെ, ക്രിസ്തുവിനോടുകൂടെ ജീവിപ്പിക്കുകയും (കൃപയാൽ ആകുന്നു നിങ്ങൾ രക്ഷിക്കപ്പെട്ടത്),

A. കർത്താവിന്റെ കരുണയ്ക്കായി നാം എത്രയധികം അവനെ ആരാധിക്കുന്നുവോ അത്രയധികം നാം ഉയർത്തപ്പെടും.
B. ദൈവം നമ്മെ തിരഞ്ഞെടുക്കുകയും, നമ്മെ മുൻനിയമിക്കുകയും, നമ്മെ വിളിക്കുകയും, അവന്റെ പ്രത്യുദ്ധാരത്തിൽ നമ്മെ ആക്കിവയ്ക്കുകയും ചെയ്തത് എന്തൊരു കരുണയാകുന്നു!
C. ഭാവിക്കായി നാം നമ്മിൽത്തന്നെയല്ല, മറിച്ച് അവനിലും അവന്റെ ആശ്ചര്യകരമായ കരുണയിലും ആശ്രയിക്കുന്നു.
D. കർത്താവിനോടുകൂടെയുള്ള നമ്മുടെ മന്നോട്ടുള്ള പോക്ക് നാം ഇച്ഛിക്കുന്നതിനാലോ ഓടുന്നതിനാലോ അല്ല, മറിച്ച് ദൈവത്തിന്റെ കരുണയാലത്രേ.
E. ദൈവത്തിന്റെ കരുണ അത്ഭുതകരമായ രീതിയിൽ പ്രവർത്തിക്കുന്നു.

**ശുശ്രൂഷയിൽനിന്നുള്ള ഉദ്ധരണികൾ:**

**രാജ്യജനത്തിന്റെ പ്രകൃതത്തെ സംബന്ധിച്ച്**
**കരുണയുള്ളവരോട് കരുണ കാണിക്കും**

മത്തായി 5:7 പറയുന്നു: "കരുണയുള്ളവർ അനുഗ്രഹീതർ, അവരോടു കരുണയുണ്ടാകും." നീതിമാനായിരിക്കുകയെന്നാൽ ഒരുവൻ അർഹിക്കുന്നത് അവന് നൽകുക എന്നാണ്, അതേസമയം കരുണയുള്ളവനായിരിക്കുകയെന്നാൽ ഒരുവൻ അർഹിക്കുന്നതിനേക്കാൾ മികച്ചത് അവന് നൽകുക എന്നാണ്. സ്വർഗരാജ്യത്തിനുവേണ്ടി, നാം നീതിമാന്മാർ മാത്രമല്ല, കരുണയുള്ളവരും ആയിരിക്കണം.കരുണ സ്വീകരിക്കുന്നത് നാം അർഹിക്കാത്തത് സ്വീകരിക്കുന്നതാണ്. നാം മറ്റുള്ളവരോട് കരുണയുള്ളവരാണെങ്കിൽ, പ്രത്യേകിച്ച് അവന്റെ ന്യായാസനത്തിൽവച്ച്, കർത്താവ് നമ്മോട് കരുണ കാണിക്കും (2 തിമൊ. 1:16, 18; യാക്കോ. 2:12-13).

നീതിമാനായിരിക്കുകയെന്നാൽ നമ്മോടുതന്നെ കർശനമായ ഒരു രീതിയിൽ ഇടപെടുക എന്നാണ്. നമ്മോടുതന്നെ ഇടപെടുന്നതിൽ നാം നീതിമാന്മാരായിരിക്കണം. നാം യാതൊരു ഒഴികഴിവും നമുക്കുതന്നെ നൽകരുത്. എങ്കിലും മറ്റുള്ളവരോട്, നാം കരുണയുള്ളവരായിരിക്കണം. കവിയുന്ന നീതി അന്വേഷിക്കുവാൻ നാം ഉത്സാഹമുള്ളവരാണെങ്കിൽ, നാം ഒടുവിൽ മറ്റുള്ളവരോട് കരുണയുള്ളവരായിത്തീരും. നമ്മുടെ അന്വേഷണത്തിൽ നമ്മുടെ സ്വാഭാവിക മനുഷ്യൻ ബലഹീനനാണെന്നും നാം പരാജയപ്പെടുവാൻ സാധ്യതയുള്ളവരാണെന്നും നാം കണ്ടെത്തും. നിങ്ങളുടെ സ്വാഭാവിക മനുഷ്യന്റെ ദയനീയമായ അവസ്ഥ നിങ്ങൾ മനസ്സിലാക്കുന്നില്ലെങ്കിൽ, നിങ്ങൾക്ക് മറ്റുള്ളവരോട് ഒരിക്കലും കരുണ ഉണ്ടായിരിക്കുകയില്ല. അവരോട് കരുണ

കാണിക്കുന്നതിനുപകരം, അവർ പരാജയപ്പെടുകയോ വീഴുകയോ ചെയ്യുമ്പോൾ നിങ്ങൾ അവരെ കുറ്റംവിധിക്കും. നിങ്ങൾ അവരെ കുറ്റംവിധിക്കാനുള്ള കാരണം നിങ്ങൾ നിങ്ങളെത്തന്നെ അറിയുന്നില്ല എന്നതാണ്. നിങ്ങൾക്ക് നിങ്ങളെത്തന്നെ അറിയാമെങ്കിൽ, ഒരുവൻ പരാജയപ്പെടുമ്പോഴെല്ലാം, നിങ്ങൾ പറയും: "കർത്താവേ, എന്നോടും എന്റെ സഹോദരനോടും കരുണ ഉണ്ടായിരിക്കേണമേ. ഞങ്ങളെല്ലാവരും ബലഹീന പാത്രങ്ങളും, നിന്റെ ആവശ്യങ്ങൾ നിറവേറ്റുവാൻ കഴിയാത്തവരുമാണ്. കർത്താവേ, എന്റെ സഹോദരൻ എന്നെ വ്രണപ്പെടുത്തിയിട്ടുണ്ടെങ്കിലും, ഞാൻ ഇപ്പോഴും അവനോട് കരുണ കാണിക്കും." നിങ്ങൾ ഒരിക്കലും പരാജയപ്പെട്ടിട്ടില്ലെങ്കിൽ, നിങ്ങൾ ഒരിക്കലും കരുണയുള്ളവനായിരിക്കുകയില്ല. വിശുദ്ധിയെയും തികവിനെയും പിൻപറ്റുന്നതിൽ നിങ്ങൾ എപ്പോഴും വിജയിയായിരുന്നുവെങ്കിൽ, മറ്റുള്ളവർ പരാജയപ്പെടുമ്പോൾ നിങ്ങൾക്ക് അവരോട് സഹതാപം ഉണ്ടായിരിക്കുകയില്ല. നിങ്ങൾ എപ്പോഴും അവരെ കുറ്റംവിധിക്കും. എന്നാൽ നിങ്ങൾ എത്ര ബലഹീനനാണെന്നും നിങ്ങൾ എത്ര തെറ്റുകൾ വരുത്തിയിട്ടുണ്ടെന്നും നിങ്ങൾക്കറിയാമെങ്കിൽ, നിങ്ങൾ മറ്റുള്ളവരോട് കരുണയുള്ളവനായിരിക്കും.

മത്തായി 5:7-ൽ നമുക്ക് ഒരു വാഗ്ദാനമുണ്ട്. കരുണയുള്ളവരോട് കരുണ കാണിക്കുമെന്നതാണ് വാഗ്ദാനം. ഇന്ന് നിങ്ങളുടെ സഹോദരനെ കരുണയില്ലാതെ നിങ്ങൾ വിധിക്കുന്നുവെങ്കിൽ, ക്രിസ്തുവിന്റെ ന്യായാസനത്തിൽവച്ച് നിങ്ങളോട് ഒരു കരുണയും കാണിക്കുകയില്ല. നിങ്ങൾ മറ്റുള്ളവരെ കരുണയില്ലാതെ വിധിക്കുന്നതുകൊണ്ട്, ക്രിസ്തു നിങ്ങളെ കരുണയില്ലാതെ വിധിക്കും. എന്നാൽ നിങ്ങൾക്ക് നിങ്ങളുടെ സഹോദരനോട് കരുണയുണ്ടെങ്കിൽ കർത്താവ് തന്റെ ന്യായാസനത്തിൽവച്ച് നിങ്ങളോട് കരുണ കാണിക്കും. അങ്ങനെ, രാജ്യജനം തങ്ങളോടുതന്നെ കർശനമായി ഇടപെടുന്നവരാണ്, എന്നാൽ മറ്റുള്ളവരോട് ഇടപെടുന്നതിൽ വളരെ കരുണയുള്ളവരാണ്. ഇത് ബാഹ്യമായ കാര്യമല്ല, മറിച്ച് നമ്മുടെ ആന്തരിക ആളത്തവുമായി ബന്ധപ്പെട്ട ഒരു കാര്യമാണെന്ന് ഒരിക്കൽ കൂടി പറയട്ടെ.(*Life-study of Matthew,* pp. 171-172)

**നമ്മോട് നീതിയുള്ളവരും, മറ്റുള്ളവരോട് കരുണയുള്ളവരും**

നാം നീതിയിൽ നമ്മോടുതന്നെ കർശനക്കാരായിരിക്കണമെങ്കിലും, മറ്റുള്ളവരോട് കരുണയുള്ളവരായിരിക്കുവാനും അവരുടെമേൽ ആവശ്യങ്ങൾ വയ്ക്കാതിരിക്കുവാനും നാം പഠിക്കണം. ഏതൊരു ക്രിസ്ത്യാനിയും മറ്റുള്ളവരുടമേൽ ആവശ്യങ്ങൾ വയ്ക്കുന്നത് തെറ്റാണ്. നിങ്ങൾ നിങ്ങളോടുതന്നെ വാസ്തവത്തിൽ കർശനക്കാരനാണെങ്കിൽ, മറ്റുള്ളവരോട് എങ്ങനെ കരുണയുള്ളവരായിരിക്കണമെന്ന് നിങ്ങൾ അറിയും. എന്നാൽ ആദ്യം നിങ്ങളോട് തന്നെ നീതിമാനാകാതെ മറ്റുള്ളവരോട് കരുണയുള്ളവനായിരിക്കുവാൻ ശ്രമിക്കരുത്. ഏത് അലസനായ വ്യക്തിയും മറ്റുള്ളവരോട് കരുണയുള്ളവനാണ്, കാരണം അവൻ തന്നോടുതന്നെ കരുണ കാണിച്ചുകഴിഞ്ഞിരിക്കുന്നു. അവൻ എല്ലാ പ്രഭാതത്തിലും വൈകി എഴുന്നേൽക്കുന്നവനാണെങ്കിൽ, വൈകി എഴുന്നേൽക്കുന്ന മറ്റുള്ളവരോട് അവൻ വളരെ കരുണയുള്ളവനായിരിക്കും. ഇത്തരം കരുണ കരുണയേയല്ല; അത് തികച്ചും തെറ്റാണ്. മടിയനായ ആർക്കും മറ്റുള്ളവരോട് എങ്ങനെ കരുണ കാണിക്കണമെന്ന് അറിയില്ല. ഒരു കർശനക്കാരനായ വ്യക്തിക്കു മാത്രമേ, നീതിമാനായ ഒരു വ്യക്തിക്കു മാത്രമേ, എങ്ങനെ കരുണ കാണിക്കണമെന്ന് അറിയുകയുള്ളൂ. അഞ്ചാമത്തെ

അനുഗ്രഹമനുസരിച്ച് നിങ്ങൾ മറ്റുള്ളവരോട് കരുണ കാണിക്കണമെങ്കിൽ, നാലാമത്തെ അനുഗ്രഹമനുസരിച്ച് നിങ്ങൾ ആദ്യം നിങ്ങളോടുതന്നെ നീതിമാനായിരിക്കണം.

ഒരിക്കലും നമുക്കായിത്തന്നെ ഒഴികഴിവുകൾ ഉണ്ടാക്കാതെ നാം നമ്മോടുതന്നെ നീതിമാനും കർശനക്കാരനുമായിരിക്കണം. എന്നാൽ മറ്റുള്ളവർ നമ്മെ വ്രണപ്പെടുത്തുകയും അതുവഴി അവരുടെ കുറവ് തുറന്നുകാണിക്കുകയും ചെയ്യുമ്പോൾ, നാം അവരോട് കരുണയുള്ളവരായിരിക്കണം. സ്വയം-നീതിമാന്മാരെല്ലാം മറ്റുള്ളവരെ കുറ്റംവിധിക്കുകയും അവരെ ഒരിക്കലും പോകാൻ അനുവദിക്കാതിരിക്കുകയും ചെയ്യുന്നു. മലമുകളിൽവച്ച് കർത്താവു പറഞ്ഞ വാക്ക് ഇതിൽനിന്ന് തികച്ചും വ്യത്യസ്തമാണ്. നമ്മോടുതന്നെ നാം നീതിമാന്മാരും കർശനക്കാരും, ഗൗരവമുള്ളവരും സുബോധമുള്ളവരും ആയിരിക്കണം. എന്നാൽ മറ്റുള്ളവരോട്, നാം കരുണയുള്ളവരായിരിക്കണം. ദൈവം തന്നിൽത്തന്നെ നീതിമാനാണ്. എങ്കിലും നമ്മോട് ഇടപെടുന്നതിൽ അവൻ അങ്ങേയറ്റം നീതിമാനായിരുന്നെങ്കിൽ, നാമെല്ലാവരും കൊല്ലപ്പെടുമായിരുന്നു. തന്നോടുതന്നെയുള്ള ബന്ധത്തിൽ ദൈവം നീതിമാനാണെങ്കിലും, നമ്മോട് ഇടപെടുന്നതിൽ അവൻ കരുണ നിറഞ്ഞവനാണ്. വീണുപോയ പാപികളെന്ന നിലയിൽ നമുക്ക് തീർച്ചയായും ദൈവത്തിന്റെ കരുണ ആവശ്യമാണ്. നമ്മോടുതന്നെ നീതിമാനായിരിക്കുവാനും മറ്റുള്ളവരോട് കരുണയുള്ളവരായിരിക്കുവാനും നാം പഠിക്കണം. നമ്മോടുതന്നെ നീതിമാന്മാരായിരിക്കുന്നതും മറ്റുള്ളവരോട് കരുണയുള്ളവരായിരിക്കുന്നതുമായ കാര്യം ഒന്നാമത് ബാഹ്യമായ പെരുമാറ്റത്തിന്റെ കാര്യമല്ല; അത് ഒന്നാമത് നമ്മുടെ ആന്തരിക മനോഭാവത്തിന്റെ, നമ്മുടെ ആന്തരിക ആളത്തത്തിന്റെ, കാര്യമാണ്.

സഭയിലെ ഒരു മൂപ്പനെന്ന നിലയിലോ സഹോദരന്മാരുടെ ഭവനത്തിലെ ഒരു സഹോദരനെന്ന നിലയിലോ ഒരു സഹോദരൻ നേതൃത്വം വഹിക്കുമ്പോൾ, നിങ്ങളോടുതന്നെ കർശനക്കാരനായിരിക്കുന്നതും മറ്റുള്ളവരോട് കരുണയുള്ളവനായിരിക്കുന്നതും പ്രയാസമാണെന്ന് നിങ്ങൾ കണ്ടെത്തിയേക്കാം. എല്ലാവരും ഒരു നിശ്ചിത സമയത്തിനുള്ളിൽ വീട്ടിലെത്തണമെന്ന് കരുതുക. ആ സമയത്തിനുശേഷം വീട്ടിലെത്തുന്നത് നീതിയല്ല. അതുപോലെ, മറ്റുള്ളവർക്ക് അസൗകര്യമുണ്ടാക്കുന്നതും ശരിയല്ല. എങ്കിലും, ചില ചെറുപ്പക്കാർ വീട്ടിലേക്ക് വരുമ്പോൾ, അവർക്കിഷ്ടമുള്ളിടത്ത് ഷൂസ് എറിയുവാൻ അവർ ഇഷ്ടപ്പെടുന്നു. തന്റെ സോക്സുകൾ മുറിയിൽ എവിടെയാണെത്തുന്നതെന്ന യാതൊരു ആശങ്കയുമില്ലാതെ അവയെ വലിച്ചെറിയാറുണ്ടായിരുന്ന ഒരു പ്രസംഗകനും, ഒരു ബൈബിൾ ഉപദേഷ്ടാവുമായ ഒരു കൂട്ടുവേലക്കാരനെ എനിക്കറിയാമായിരുന്നു. ഒരിക്കൽ ഈ സഹോദരനും ഞാനും ഒരു വീട്ടിൽ അതിഥികളായിരുന്നു. ആതിഥേയൻ തികച്ചും ആശങ്കയുള്ളവനായി ഈ സഹോദരന്റെ അലസതയെക്കുറിച്ച് എന്നോടു സംസാരിച്ചു. അത് എനിക്ക് എത്ര ലജ്ജയായിരുന്നു! സഹോദരന്മാരുടെ ഭവനങ്ങളിൽ താമസിക്കുന്ന ചില സഹോദരന്മാർ ഇതേ രീതിയിൽ പെരുമാറുന്നുണ്ടാകാം.

പാത്രങ്ങൾ കഴുകുവാൻ ആവശ്യപ്പെടുന്നതിൽ ചില സഹോദരന്മാർ അസന്തുഷ്ടരായേക്കാം; അതുകൊണ്ട്, അവർ അവയെ നന്നായി വൃത്തിയാക്കുകയില്ല. ഇത് നീതിയല്ല. മറ്റുള്ളവരെ മുതലെടുത്ത് അവരുടെ അവകാശങ്ങളിലേക്ക് കടന്നുകയറുന്നത് ഒരിക്കലും നീതിയല്ല. പാത്രങ്ങൾ

കഴുകുന്നതിൽ വേണ്ടത്ര നന്നായി ചെയ്യാതിരിക്കുന്നത് മറ്റുള്ളവരെ മുതലെടുക്കുന്നതാണ്. നിങ്ങൾ അങ്ങനെയുള്ള ഒരുവനാണെങ്കിൽ, നിങ്ങൾ നീതിമാനായ ഒരു വ്യക്തിയല്ല. സഹോദരന്മാരുടെ ഭവനത്തിൽ നേതൃത്വം വഹിക്കുന്ന ഒരുവനാണെങ്കിൽ, സമയത്തെക്കുറിച്ചും, അമിതമായ സംസാരത്തെക്കുറിച്ചും, ശബ്ദത്തെക്കുറിച്ചും, പാത്രങ്ങൾ കഴുകുന്നതിനെക്കുറിച്ചും, മറ്റനേകം കാര്യങ്ങളെക്കുറിച്ചും നിങ്ങൾ നിങ്ങളോടുതന്നെ കർശനമുള്ളവനായിരിക്കണം. ഇത് അധികമായിപ്പോയെന്ന് പറയരുത്. ഇത് അധികമായിപ്പോയെന്ന് നിങ്ങൾക്ക് തോന്നുന്നുണ്ടാകാം, എന്നാൽ നിങ്ങളുടെ ഉള്ളിൽ വസിക്കുന്ന ക്രിസ്തുവിന് അത് അധികമല്ല. നിങ്ങൾ ചെയ്യുന്ന സകലത്തിലും നിങ്ങൾ നിങ്ങളോടുതന്നെ കർശനക്കാരനായിരിക്കണം.

എങ്കിലും, സഹോദരന്മാരുടെ ഭവനത്തിലോ സഭാജീവിതത്തിന്റെ ഏതെങ്കിലും വശത്തോ നേതൃത്വം വഹിക്കുന്ന ഒരാളെന്ന നിലയിൽ, നിങ്ങൾ കരുണയുള്ളവനുമായിരിക്കണം. ചിലപ്പോൾ അലസനായ ഒരാൾക്ക് പാത്രം കഴുകുന്നതിനെക്കുറിച്ച് മുന്നറിയിപ്പ് നൽകിക്കൊണ്ട് നേതൃത്വം വഹിക്കുന്നവൻ ഇങ്ങനെ പറഞ്ഞേക്കാം, “നിങ്ങൾ പാത്രങ്ങൾ കഴുകുന്ന രീതിയെക്കുറിച്ചുള്ള നിങ്ങൾക്കുള്ള ഒന്നാമത്തെ മുന്നറിയിപ്പാണിത്. രണ്ട് മുന്നറിയിപ്പുകൾകൂടി കഴിയുമ്പോൾനിങ്ങൾ പോകേണ്ടിവരും.” നിങ്ങളുടെ സഹോദരനോട് എത്ര തവണ ക്ഷമിക്കണം എന്നതിനെക്കുറിച്ചുള്ള കർത്താവായ യേശുവിന്റെ വചനം ഓർക്കുക (മത്താ. 18:21-22). നിരവധി പ്രാവശ്യം ഒരു സഹോദരനോടു സംസാരിച്ചതിനുശേഷവും അവൻ പാത്രങ്ങൾ നന്നായി വൃത്തിയാക്കുന്നില്ലെങ്കിൽപോലും, നിങ്ങൾ അപ്പോഴും അവനോട് കരുണയുള്ളവനായിരിക്കണം. ഇങ്ങനെയുള്ള അലസനും ദയനീയനുമായ ഒരു സഹോദരനെപ്പോലും ഓടിച്ചുകളയരുത്. പകരം, അവനോട് കരുണയുള്ളവനായിരിക്കുക. “ഈ സഹോദരനോട് ഞാൻ കരുണയുള്ളവനായിരിക്കണമെന്ന് ഞാൻ പഠിച്ചിരിക്കുന്നു. അതുകൊണ്ട്, ഇനി മുതൽ, അവൻ പാത്രങ്ങൾ കഴുകുന്ന രീതിയെക്കുറിച്ച് ഞാൻ ഒരിക്കലും അവനോട് സംസാരിക്കുകയില്ല. അവൻ ഇഷ്ടമുള്ള രീതിയിൽ പാത്രങ്ങൾ കഴുകട്ടെ. അവനെ നിലനിർത്തുന്നതിനായി നാം അത് സഹിക്കേണ്ടിവരും” എന്നു പറഞ്ഞുകൊണ്ട് നിങ്ങൾ വിപരീതമായി ചിന്തിക്കണമെന്ന് ഇതർഥമാക്കുന്നില്ല. ഈ മനോഭാവവും ശരിയല്ല. ദിനംതോറും ഇങ്ങനെയുള്ള അലസനായ ഒരു സഹോദരനെ നിങ്ങൾ ശ്രദ്ധിക്കേണ്ടതാവശ്യമാണ്. പാത്രങ്ങൾ കഴുകുന്നഒരു ഊഴം അവന് ഉണ്ടായിരിക്കട്ടെ. എന്നാൽ അവൻ അങ്ങനെ ചെയ്യുന്ന ഓരോ സമയത്തും നിങ്ങൾ അവനോട് ക്ഷമയുള്ളവനും കരുണയുള്ളവനുമായിരിക്കണം.

കർശനക്കാരോ അലസന്മാരോ ആയിരിക്കുവാൻ നമുക്കെളുപ്പമാണ്. എന്നാൽ ഒരു വശത്ത് കർശനക്കാരായിരിക്കുവാനും മറുവശത്ത് കരുണയുള്ളവരായിരിക്കുവാനും നാം പഠിക്കണം. നാം മറ്റുള്ളവർക്ക് കർശനമായ ഇടപെടൽ നൽകുന്നുവെങ്കിൽ, നാം ഉടൻതന്നെ അവരോട് കരുണയുള്ളവരായിരിക്കണം. ഇത് മൂപ്പന്മാർ പഠിക്കേണ്ട ഒരു പ്രധാന പാഠമാണ്. രാജ്യജനം നീതിമാന്മാരും കരുണയുള്ളവരുമാണ്. നിങ്ങൾ നീതിമാനായിരിക്കുമ്പോൾ, നിങ്ങൾ തികച്ചും നീതിമാനായിരിക്കണം; നിങ്ങൾ കരുണയുള്ളവനായിരിക്കുമ്പോൾ, നിങ്ങൾ വളരെ കരുണയുള്ളവനായിരിക്കണം. നീതിയും കരുണയും രണ്ട് വിപരീത ധ്രുവങ്ങളാണെങ്കിലും, അവ നിങ്ങളുടെ

അനുഭവത്തിൽ സന്ധിക്കണം. നിങ്ങളുടെ നീതി നിങ്ങളുടെ കരുണയോടുകൂടെ ഒരുമിച്ചു വരണം. (*Life-study of Matthew,* pp. 180-182)